# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 5454

24.05.2017-ൽ മറുപടിക്ക്

### സ്റ്റാഫ് നഴ്സ് ഗ്രേഡ് II തസ്തികയിലേക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ്

| **ചോദ്യം**<br>ശ്രീ. പാറക്കൽ അബ്ദുല്ല | | **ഉത്തരം**<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | ഹെൽത്ത് സർവ്വീസിൽ കോട്ടയം ജില്ലയിലേക്ക് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ എന്നാണ് പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നത്; എന്നുവരെ ലിസ്റ്റിന് കാലാവധിയുണ്ട്; കാലാവധി നീട്ടുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | 01.01.2014-ൽ ആണ് നിലവിൽ വന്നത്. 31.12.2016-ന് സ്വാഭാവിക കാലാവധി അവസാനിക്കേണ്ടിയിരുന്ന പ്രസ്തുത ലിസ്റ്റ് നിലവിൽ 30.06.2017 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം 31-12-2016 വരെ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ നിയമനം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | എല്ലാ എൻ.ജെ.ഡി. ഒഴിവുകളും പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | 2017 ജൂൺ 30 വരെ ഉണ്ടാകാൻ സാധ്യത ഉള്ള മറ്റ് ഒഴിവുകൾ കൂടി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? | (ഇ) | 2017 മാർച്ച് 31 വരെയുള്ള 25 പ്രതീക്ഷിത ഒഴിവുകളിൽ 15 ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ബാക്കി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 2017 ജൂൺ 30 വരെയുള്ള സ്റ്റാഫ് നഴ്സ് ഗ്രേഡ്-1 ഒഴിവുകൾ ഗ്രേഡ്-2 ഒഴിവുകളായി കണക്കാക്കി ജൂൺ 30 വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന കാര്യം പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ